**SSLC EXAMINATION, MARCH - 2023**

**SOCIAL SCIENCE (ANSWER KEY)**


*COLIN JOSE.E* | *BIJU.M*

*DR.AMMR GOVT HSS KATTELA.* | *GHSS PARAPPA*

*THIRUVANATHAPURAM* | *KASARGOD*


| Qn No | ഉത്തര സൂചകങ്ങൾ | score |
|---|---|---|
| | **PART - A** | |
| 1 | മൗണ്ട് $K_2$ | 1 |
| 2 | ലാലാ ഹർദയാൽ | 1 |
| 3 | വൃദ്ധരെ ബഹുമാനിക്കുക | 1 |
| 4 | ബജറ്റ് | 1 |
| 5 | സ്വകാര്യ മേഖലയിലെ ഏറ്റവും വലിയ ഇരുമ്പുരുക്ക് വ്യവസായശാല | 1 |
| 6 | **സമൂഹശാസ്ത്രത്തിന്റെ ആവിർഭാവത്തിന് വഴിയൊരുക്കിയ വിപ്ലവങ്ങൾ:**<br>• ജ്ഞാനോദയം അഥവാ ശാസ്ത്രവിപ്ലവം<br>• ഫ്രഞ്ച് വിപ്ലവം<br>• വ്യാവസായികവിപ്ലവം | 3 |
| 7 | **പൗരബോധ രൂപീകരണത്തിൽ വിദ്യാഭ്യാസത്തിന്റെ പങ്ക്:**<br>• വിവിധ വിഷയങ്ങളുടെ പഠനത്തിലൂടെ ലഭിക്കുന്ന അറിവുകൾ സമൂഹത്തിന് പ്രയോജനകരമായ രീതിയിൽ ഉപയോഗിക്കാൻ വ്യക്തിയെ പ്രാപ്തനാക്കുകയാണ് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം.<br>• മൂല്യബോധം, സഹിഷ്ണത, നേതൃത്വഗുണം, പരിസ്ഥിതിബോധം, ശാസ്ത്രാവബോധം തുടങ്ങിയവ വളർത്തിയെടുക്കാൻ സഹായിക്കുന്നു.<br>• ശാസ്ത്രവും സാങ്കേതികവിദ്യയും സമൂഹത്തിന് പ്രയോജനകരമായ രീതിയിൽ ഉപയോഗപ്പെടുത്താൻ വിദ്യാഭ്യാസത്തിലൂടെ സാധിക്കണം.<br>• മൂല്യാധിഷ്ഠിത വിദ്യഭ്യാസ സമീപനത്തിലൂടെ പൗരബോധം ജനങ്ങളിലെത്തിക്കാൻ കഴിയും. | 3 |
| 8 | **ഇന്ത്യയുടെ കാലാവസ്ഥയെ സ്വാധീനിക്കുന്ന ഘടകങ്ങൾ:**<br>• അക്ഷാംശീയസ്ഥാനം<br>• ഭൂപ്രകൃതി<br>• സമുദ്രസാമീപ്യം<br>• സമുദ്രനിരപ്പിൽനിന്നുള്ള ഉയരം | 3 |
| 9 | **ജലഗതാഗതത്തിന്റെ മേന്മകൾ:**<br>• ഏറ്റവും ചെലവു കുറഞ്ഞ ഗതാഗതമാർഗം.<br>• വൻതോതിലുള്ള ചരക്കു ഗതാഗതത്തിന് ഉചിതം.<br>• പരിസ്ഥിതിമലിനീകരണം ഉണ്ടാക്കുന്നില്ല . | 3 |

<table>
<tr><td></td><td>

- അന്താരാഷ്ട്രവ്യാപാരത്തിന് ഏറ്റവും യോചിച്ചത്.

</td><td></td></tr>
<tr><td>10</td><td>

**ചരക്കുസേവന നികുതി:**

- കേന്ദ്ര ഗവൺമെന്റും സംസ്ഥാന ഗവൺമെന്റുകളും ചുമത്തിയിരുന്ന വിവിധ പരോക്ഷ നികുതികളെ ലയിപ്പിച്ച് 2017 ജൂലൈ 1 മുതൽ ഇന്ത്യയിൽ നിലവിൽ വന്ന ഏകീകൃത പരോക്ഷനികുതി സമ്പ്രദായമാണ് ചരക്കുസേവന നികുതി.
- ചരക്കുകളുടെയും സേവനങ്ങളുടെയും നിർമ്മാണം മുതൽ ഉപഭോഗം വരെയുള്ള എല്ലാ ഘട്ടങ്ങളിലും നികുതി ചുമത്തപ്പെടുന്നു.

<u>**വിവിധതരം ചരക്ക് സേവന നികുതികൾ**</u>

- സംസ്ഥാന ഗവൺമെന്റ് ചുമത്തുന്ന ചരക്ക് സേവന നികുതിയാണ് സ്റ്റേറ്റ് ജി.എസ്.ടി (SGST)
- കേന്ദ്ര ഗവൺമെന്റ് ചുമത്തുന്ന ചരക്ക് സേവന നികുതിയാണ് സെൻട്രൽ ജി.എസ്.ടി (CGST)
- അന്തർസംസ്ഥാന ക്രയവിക്രയങ്ങളുടെ മേൽ കേന്ദ്രഗവൺമെന്റ് ചുമത്തുന്ന ചരക്ക് സേവന നികുതിയാണ് ഇന്റഗ്രേറ്റഡ് ജി.എസ്.ടി.(IGST)

</td><td>3</td></tr>
<tr><td>11</td><td>

| A | B |
|---|---|
| രാമകൃഷ്ണമിഷൻ | സ്വാമി വിവേകാനന്ദൻ |
| അലിഗഡ് പ്രസ്ഥാനം | സർ സയ്യിദ് അഹ്മദ് ഖാൻ |
| തിയോസഫിക്കൽ സൊസൈറ്റി | ആനിബസന്റ് |
| ഹിതകാരിണി സമാജം | വീരേശലിംഗം |

</td><td>4</td></tr>
<tr><td>12</td><td>

**ക്വിറ്റ് ഇന്ത്യാ സമരം:**

- 1942 ൽ ആരംഭിച്ചു.
- ഇന്ത്യൻ നാഷണൽ കോൺഗ്രസ് ഗാന്ധിജിയുടെ നേതൃത്വത്തിൽ നടത്തിയ അവസാനത്തെ ബഹുജന സമരം.
- എല്ലാ അധികാരങ്ങളും ഇന്ത്യക്കു കൈമാറി ഇന്ത്യ വിടാൻ ബ്രിട്ടീഷുകാരെ നിർബന്ധിക്കുന്ന അഹിംസയിലൂന്നിയുള്ള സമരം.

<u>**ക്വിറ്റ് ഇന്ത്യാ സമരത്തിന്റെ കാരണങ്ങൾ**</u>

- ഇന്ത്യയിൽ ഭരണഘടനാ പരിഷ്കാരങ്ങൾ നടപ്പിലാക്കാൻ ബ്രിട്ടൺ കാണിച്ച വൈമനസ്യം.
- വിലക്കയറ്റവും ക്ഷാമവും മൂലമുള്ള ജനങ്ങളുടെ അതൃപ്തി.
- രണ്ടാം ലോകയുദ്ധത്തിൽ ബ്രിട്ടൺ പരാജയപ്പെടുമെന്ന തോന്നൽ.

</td><td>4</td></tr>
<tr><td>13</td><td>

**ഉപഭോക്തൃ തർക്കത്തിൽ പരാതി നൽകാവുന്ന സന്ദർഭങ്ങൾ:**

- വിലയ്ക്ക് വാങ്ങിയ സാധനത്തിന് കേടുപാടുകൾ/ പോരായ്മകൾ സംഭവിക്കുക.
- വിവിധ സർക്കാർ സർക്കാരേതര സ്വകാര്യസ്ഥാപനങ്ങളിൽ നിന്ന് ലഭിച്ച സേവനത്തിന് പോരായ്മകൾ ഉണ്ടാവുക.
- യഥാർത്ഥ വിലയേക്കാൾ കൂടുതൽ വാങ്ങുക.
- മായം ചേർക്കൽ നിരോധനനിയമം ലംഘിക്കുക.

</td><td>4</td></tr>
</table>

- ജീവന് ഹാനികരമായതോ സുരക്ഷിതമല്ലാത്തതോ ആയ സാധനങ്ങൾ വയ്ക്കുക
- തെറ്റിദ്ധരിപ്പിക്കുന്ന പരസ്യങ്ങൾ നൽകുക

**14**

| **വൈക്കം സത്യഗ്രഹം** | **ഗുരുവായൂർ സത്യഗ്രഹം** |
|---|---|
| • സഞ്ചാര സ്വാതന്ത്ര്യത്തിനായി കേരളത്തിൽ നടന്ന പ്രക്ഷോഭങ്ങളിൽ പ്രധാനപ്പെട്ടത്.<br>• ടി.കെ.മാധവന്റെ നേതൃത്വത്തിൽ<br>• ഈ സമരത്തോട് അനുഭാവം പ്രകടിപ്പിച്ച മന്നത്ത് പത്മനാഭൻ 'സവർണ്ണജാഥ' സംഘടിപ്പിച്ചു.<br>• വൈക്കം ക്ഷേത്രത്തിനു ചുറ്റുമുള്ള പൊതുനിരത്തിലൂടെ യാത്ര ചെയ്യാൻ അവർണ്ണ ജാതിക്കാർക്ക് അനുവാദം ലഭിച്ചു. | • ഗുരുവായൂർ ക്ഷേത്രത്തിൽ എല്ലാ ജാതിയിലും പെട്ട ഹിന്ദുക്കൾക്ക് പ്രവേശനം അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് നടത്തിയ സമരം.<br>• കെ.കേളപ്പന്റെ നേതൃത്വത്തിൽ.<br>• എ.കെ.ഗോപാലൻ സമരത്തിന്റെ വളണ്ടിയർ ക്യാപ്റ്റൻ.<br>• ഈ സത്യഗ്രഹത്തിൽ പി. കൃഷ്ണപിള്ളയ്ക്ക് ക്രൂരമായ മർദ്ദനമേറ്റു. |

**4**

**15** **ഭൂപടം**

A) കാവേരി നദി

B) ഡക്കാൻ പീഠഭൂമി

C) പശ്ചിമഘട്ട മലനിരകൾ

D) കണ്ട് ല തുറമുഖം

**4**

## PART - B

**16**

| **റയട്ട് വാരി വ്യവസ്ഥ** | **മഹൽവാരി വ്യവസ്ഥ** |
|---|---|
| • കർഷകനിൽ നിന്ന് നേരിട്ട് നികുതി പിരിച്ചു.<br>• അമിതമായ നികുതി നിരക്ക്.<br>• നികുതി നിരക്ക് ഇടയ്ക്കിടെ വർദ്ധിപ്പിച്ചു.<br>• കർഷകർ ഭൂഉടമകൾ.<br>• ദക്ഷിണേന്ത്യയിൽ നടപ്പിലാക്കി | • ഗ്രാമത്തലവന്മാരായിരുന്നുനികുതി പിരിച്ചിരുന്നത്<br>• നികുതി നിരക്ക് അമിതമായിരുന്നു<br>• ഗ്രാമത്തെ(മഹൽ)ഒരു യൂണിറ്റായി കണക്കാക്കിയായിരുന്നു നികുതി പിരിച്ചിരുന്നത് |

**OR**

<u>**ബഹിരാകാശ ദൗത്യം**</u>

- 1962 ൽ ഇന്ത്യൻ ദേശീയ ബഹിരാകാശ ഗവേഷണ സമിതി രൂപികരിച്ചു.
- 1969 ൽ ഐ.എസ്.ആർ. ഒ രൂപികരിച്ചു.
- തുമ്പയിൽ ആദ്യത്തെ റോക്കറ്റ് വിക്ഷേപണകേന്ദ്രം ആരംഭിച്ചു.
- 1975 ൽ ആര്യഭട്ട എന്ന ഉപഗ്രഹം വിക്ഷേപിച്ചു.
- ഇന്ത്യയുടെ ആദ്യത്തെ ചന്ദ്രപരീക്ഷണ ദൗത്യമായ ചന്ദ്രയാന് 2008 ൽ തുടക്കം കുറിച്ചു.
- ഇന്ത്യയുടെ ചൊവ്വ ദൗത്യമാണ് മംഗൾയാൻ.

**3**

| | | |
|---|---|---|
| **17** | • $82\ ^{1}/_{2}$ ഡിഗ്രി പൂർവരേഖാംശം<br>• 5.30am<br>**OR**<br>**പശ്ചിമവാതങ്ങൾ**<br>• ഉപോഷ്ണ ഉച്ചമർദ മേഖലകളിൽ നിന്നും ഉപധ്രുവീയന്യൂനമർദമേഖലയിലേക്ക് വീശിക്കൊണ്ടിരിക്കുന്ന കാറ്റുകൾ.<br>• കാറ്റിന്റെ ദിശ ഏറെക്കുറേ പടിഞ്ഞാറുനിന്നായതുകൊണ്ട് ഇവയെ പശ്ചിമവാതങ്ങൾ എന്നുവിളിക്കുന്നു.<br>• ദക്ഷിണാർദ്ധഗോളത്തിൽ പശ്ചിമവാതങ്ങളുടെ ശക്തി ഉത്താരാർദ്ധഗോളത്തിലേതിനേക്കാൾ കൂടുതലാണ്.<br>• റോറിംഗ് ഫോർട്ടിസ് ,ഫ്യൂരിയസ് ഫിഫ്റ്റിസ് ,ഷ്റീക്കിംഗ് സിക്സ്റ്റീസ് | **3** |
| **18** | **ഇന്ത്യൻ തുണി വ്യവസായത്തിന്റെ തകർച്ചയ്ക്കുള്ള കാരണങ്ങൾ:**<br>• യന്ത്രനിർമിത ബ്രിട്ടീഷ് തുണിത്തരങ്ങൾ ഇന്ത്യയിലേക്ക് ഇറക്കുമതി ചെയ്തത് .<br>• ഇന്ത്യയിൽ റയിൽവേ വ്യാപകമായത്.<br>• ബ്രിട്ടനിലേക്ക് കയറ്റുമതിചെയ്തിരുന്ന ഇന്ത്യൻ തുണിത്തരങ്ങളുടെമേൽ ഉയർന്ന നികുതി ചുമത്തിയത് .<br>• അസംസ്കൃത വസ്തുക്കളുടെ കയറ്റുമതി.<br>• ബ്രിട്ടീഷ് ഉദ്യോഗസ്ഥരുടെ ചൂഷണവും പീഢനവും.<br>**OR**<br>**ദേശീയ വിദ്യാഭ്യാസ നയം 1986:**<br>• പ്രാഥമിക വിദ്യാഭ്യാസത്തിനും തുടർവിദ്യാഭ്യാസത്തിനും പ്രാധാന്യം നൽകണം.<br>• ഓപ്പറേഷൻ ബ്ലാക്ക് ബോർഡ് പദ്ധതി നടപ്പിലാക്കണം.<br>• ഓരോ ജില്ലയിലും നവോദയ വിദ്യാലയങ്ങൾ സ്ഥാപിക്കണം.<br>• പെൺകുട്ടികളുടെ വിദ്യാദേശീയ വിദ്യാഭ്യാസ നയംഭ്യാസത്തിന് പ്രോത്സാഹനം നൽകണം. | **3** |
| **19** | **സഹകരണ ബാങ്കുകളുടെ ഉദ്ദേശ്യങ്ങൾ:**<br>• ജനങ്ങൾക്ക് വായ്പ നൽകുക<br>• സ്വകാര്യപണമിടപാട് നടത്തുന്ന വ്യക്തികളിൽ നിന്ന് ഗ്രാമീണരെ രക്ഷിക്കുക<br>• കുറഞ്ഞ പലിശ നിരക്കിൽ വായ്പ നൽകുക<br>• ജനങ്ങളിൽ സമ്പാദ്യശീലം വളർത്തുക<br>**OR**<br>**വിദ്യാഭ്യാസം രാജ്യ പുരോഗതിക്ക് സഹായകമാകുന്നത് എങ്ങനെ:**<br>• വിദ്യാഭ്യാസം വ്യക്തികളുടെ കഴിവ് മെച്ചപ്പെടുത്തുന്നു.<br>• സാങ്കേതിക വിദ്യകൾ ഉപയോഗിക്കാനുള്ള അറിവ് ലഭിക്കുന്നു.<br>• മെച്ചപ്പെട്ട തൊഴിലും വരുമാനവും നേടാനാവുന്നു.<br>• ജീവിത നിലവാരം ഉയരുന്നു. | **4** |
| **20** | **നിർബന്ധിത ചുമതലകൾ:**<br>➢ രാഷ്ട്രം എക്കാലത്തും നിർബന്ധമായും നിർവഹിക്കേണ്ട ചുമതലകളാണിവ.<br>➢ ഇത് നിർവഹിക്കാത്ത പക്ഷം ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം | |

ഉണ്ടാവുകയില്ല.

- ഉദാ:- അതിർത്തി സംരക്ഷണം
- നീതി നടപ്പാക്കൽ
- ആഭ്യന്തരസമാധാനം
- അവകാശസംരക്ഷണം

**OR**

➢ രാജ്യത്ത് നിലവിലുള്ള നിയമങ്ങളും ഗവൺമെന്റിന്റെ നയപരിപാടികളും വികസന പദ്ധതികളും നടപ്പാക്കുന്നതിന് ഭൗതീക സാഹചര്യങ്ങളും മനുഷ്യവിഭവവും ഫലപ്രദമായി വിനിയോഗിക്കുന്നതിനെ **പൊതുഭരണം** എന്ന് പറയുന്നു.

**പൊതുഭരണത്തിന്റെ പ്രാധാന്യം:**

- ഗവൺമെന്റ് നയങ്ങൾ രൂപപ്പെടുത്തുന്നു.
- ജനക്ഷേമം ഉറപ്പാക്കുന്നു.
- ജനകീയ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നു.
- സാധനങ്ങളും സേവനങ്ങളും ലഭ്യമാക്കുന്നു.

**4**

**21**

i. 8236
ii. ലൈറ്റ്ഹൗസ്
iii. 837343
iv. ക്രിസ്ത്യൻ പള്ളി

**OR**

| ഭൂസ്ഥിര ഉപഗ്രഹങ്ങൾ | സൗരസ്ഥിര ഉപഗ്രഹങ്ങൾ |
|---|---|
| • സഞ്ചാരപഥം ഭൂമിയിൽ നിന്ന് ഏകദേശം 36000 കി.മിഉയരത്തിൽ<br>• ഭൂമിയുടെ ഭ്രമണത്തിനൊപ്പം സഞ്ചരിക്കുന്നു<br>• ഒരു പ്രദേശത്തിന്റെ സ്ഥിരമായ വിവരശേഖരണത്തിന്<br>• ഭൂമിയുടെ മൂന്നിലൊന്ന് ഭാഗം നിരീക്ഷണപരിധിയിൽ<br>• വാർത്താവിനിമയത്തിനും ദിനാന്തരീക്ഷസ്ഥിതി മനസ്സിലാക്കാനും ഉപയോഗിക്കുന്നു<br>• ഉദാഹരണം ഇൻസാറ്റ് ഉപഗ്രഹങ്ങൾ | • സഞ്ചാരപഥം ഭൂമിയിൽ നിന്ന് ഏകദേശം 900 കി.മി ഉയരത്തിൽ<br>• ധ്രുവങ്ങൾക്ക് മുകളിലൂടെ ഭൂമിയെ വലം വയ്ക്കുന്നു<br>• ഒരു പ്രദേശത്തിന്റെ ആവർത്തിച്ചുള്ള വിവരശേഖരണാ സാധ്യമാകുന്നു<br>• ഭൂസ്ഥിര ഉപഗ്രഹങ്ങളെക്കാൾ കുറഞ്ഞ നിരീക്ഷണപരിധി<br>• പ്രകൃതിവിഭവങ്ങൾ,ഭൂവിനിയോഗം,ഭൂഗർഭജലം മുതലായവയെക്കുറിച്ചുള്ള വിവരശേഖരണത്തിന് ഉപയോഗിക്കുന്നു<br>• ഉദാഹരണം IRS,ലാൻഡ്സാറ്റ് ഉപഗ്രഹങ്ങൾ |

**4**

**22**

**പൗരത്വം :**

- ഒരു രാജ്യത്തെ പൂർണവും തുല്യവുമായ അംഗത്വമാണ് പൗരത്വം
- സ്വാഭാവിക പൗരത്വം, ആർജിത പൗരത്വം എന്നിങ്ങനെ പൗരത്വം രണ്ട് തരമുണ്ട്
- ജന്മനാ ലഭിക്കുന്ന പൗരത്വമാണ് **സ്വാഭാവിക പൗരത്വം**
- ഒരു രാജ്യത്ത് നിയമാനുസൃതം നേടിയെടുക്കുന്നതാണ് **ആർജിത പൗരത്വം**

OR

| അഖിലേന്ത്യാസർവീസ് | കേന്ദ്ര സർവീസ് |
|---|---|
| • ദേശീയതലത്തിൽ തിരഞ്ഞെടുക്കുന്നു<br>• കേന്ദ്ര സർവീസിലോ സംസ്ഥാന സർവീസിലോ നിയമിക്കപ്പെടുന്നു<br>ഉദാഹരണം:<br>• ഇന്ത്യൻ അഡ്മിനിസ്ട്രേറ്റീവ് സർവീസ് (IAS)<br>• ഇന്ത്യൻ പോലീസ് സർവീസ്(IPS) | • ദേശീയതലത്തിൽ തിരഞ്ഞെടുക്കുന്നു.<br>• കേന്ദ്ര ഗവൺമെന്റിന് മാത്രം അധികാരമുള്ള ഭരണവകുപ്പുകളിൽ നിയമിക്കപ്പെടുന്നു.<br>ഉദാഹരണം:<br>• ഇന്ത്യൻ ഫോറിൻ സർവീസ്<br>• ഇന്ത്യൻ റെയിൽവേ സർവീസ് |

4

**23**

**ഇലക്ട്രോണിക് ബാങ്കിങ്:**

- നെറ്റ് ബാങ്കിങ്ങിലൂടെയും ടെലി ബാങ്കിങ്ങിലൂടെയും എല്ലാവിധ ഇടപാടുകളും നടത്താൻ കഴിയുന്ന രീതി.
- എല്ലാ സമയത്തും ബാങ്കിങ്,എല്ലായിടത്തും ബാങ്കിങ്,നെറ്റ് ബാങ്കിങ്,മൊബൈൽ ബാങ്കിങ് എന്നിവ ഇതിന്റെ ഭാഗമാണ് .
- ബാങ്കിങ് ഉപകാരണങ്ങളുടെയോ ഉദ്യോഗസ്ഥരുടെയോ സഹായം ഇതിനാവശ്യമില്ല.

**ഉപയോഗം**

- വീട്ടിൽനിന്നു തന്നെ ലോകത്തെവിടെയും പണം അയക്കാനും ബില്ലുകൾ അടക്കാനും കഴിയും.
- കുറഞ്ഞ സമയം മതിയാവും.
- സർവീസ് ചാർജ് കുറവാണ് .

OR

**ജനസംഖ്യാപഠനം നടത്തുന്നത് എന്തിന്:**

- ജനങ്ങളുടെ വിവിധ ആവശ്യങ്ങളുടെ അളവ് നിശ്ചയിക്കാനും പ്രവർത്തനപരിപാടികൾ ആസൂത്രണം ചെയ്യാനും സർക്കാരിന് സാധിക്കുന്നു.
- രാജ്യത്തെ മാനവവിഭവശേഷിയുടെ ലഭ്യതയറിയുക.
- ജനങ്ങൾക്കാവശ്യമായ അടിസ്ഥാനസൗകര്യങ്ങൾ എത്രയെന്നറിയുക.
- ആവശ്യമായ സാധനങ്ങളുടെയും സേവനങ്ങളുടെയും അളവ് തിട്ടപ്പെടുത്തുക.
- സാമ്പത്തിക സാമൂഹിക വികസന നയങ്ങൾ രൂപീകരിക്കുക.

4

**24**

| വസന്തകാലം | ഹേമന്തകാലം |
|---|---|
| • മാർച്ച് 21 മുതൽ ജൂൺ 21 വരെ ഉത്തരാർദ്ധഗോളത്തൽ വസന്തകാലം<br>• ശൈത്യകാലത്തിൽ നിന്നും വേനൽക്കാലത്തിലേക്കുള്ള മാറ്റത്തിന്റെ കാലം<br>• ചെടികൾ തളിർക്കുന്നതും പുഷ്പിക്കുന്നതും മാവു പൂക്കുന്നതും | • സെപ്റ്റംബർ 23 മുതൽ ഡിസംബർ 22 വരെ ഉത്തരാർദ്ധഗോളത്തിൽ ഹേമന്തകാലമാണ്<br>• വേനലിൽ നിന്നും ശൈത്യത്തിലേക്കുള്ള മാറ്റത്തിന്റെ കാലം.<br>• അന്തരീക്ഷ ഊഷ്മാവ് ഗണ്യമായി |

<table>
<tr>
<td></td>
<td>
<table>
<tr>
<td>പ്ലാവുകളിൽ ചക്കയുണ്ടാകുന്നതും ഈ കാലത്തിന്റെ സവിശേഷതയാണ്</td>
<td>കുറയുന്നു.<br>• പകലിന്റെ ദൈർഘ്യം കുറഞ്ഞ് രാത്രിയുടെ ദൈർഘ്യം കൂടുന്നു.<br>• മരങ്ങൾ ഇല പൊഴിക്കുന്ന കാലം.</td>
</tr>
</table>
OR
തെക്ക് പടിഞ്ഞാറൻ മൺസൂൺ കാറ്റുകൾ രൂപം കൊള്ളുന്നത് :
<ul>
<li>അച്ചുതണ്ടിന്റെ ചരിവ് നിമിത്തം സൂര്യ രശ്മികൾ ചില മാസങ്ങളിൽ ഭൂമധ്യരേഖയ്ക്ക് വടക്കായിരിക്കും ലംബമായി പതിക്കുക.</li>
<li>ഇത് ഈ പ്രദേശങ്ങളിൽ താപനില വർദ്ധിക്കുന്നതിന് കാരണമാകും.</li>
<li>അതിനനുസരിച്ച് മർദ്ദ മേഖലകൾക്കും വടക്കോട്ട് നേരിയ തോതിൽ സ്ഥാനമാറ്റമുണ്ടാകും.</li>
<li>ഉത്തരാർദ്ധഗോളത്തിലെ വേനൽക്കാലത്ത് മദ്യരേഖാന്യൂനമർദ്ദ മേഖല (ഇന്റർ ട്രോപ്പിക്കൽ കൺവർജൻസ് സോൺ,ITCZ) വടക്കോട്ട് നീങ്ങുമ്പോൾ തെക്ക്കിഴക്കൻ വാണിജ്യവാതങ്ങളും മധ്യരേഖ കടന്ന് വടക്കോട്ട് നീങ്ങും.</li>
<li>മധ്യരേഖ കടക്കുന്നതോടെ തെക്ക് കിഴക്കൻ വാണിജ്യവാതങ്ങൾ കോറിയോലിസ് പ്രഭാവം മൂലം വ്യതിയാനം സംഭവിച്ച് തെക്ക് പടിഞ്ഞാറൻ മൺസൂൺ കാറ്റുകളായി രൂപാന്തരം പ്രാപിക്കുന്നു.</li>
<li>ഉയർന്ന പകൽച്ചൂട് നിമിത്തം കരയുടെ മുകളിൽ രൂപംകൊള്ളുന്ന ന്യൂനമർദ്ദം സമുദ്രോപരിതലത്തിലൂടെ വീശുന്ന ഈ കാറ്റുകളെ അങ്ങോട്ടേക്ക് ആകർഷിക്കുന്നതും തെക്കുപടിഞ്ഞാറൻ മൺസൂൺ കാറ്റുകൾക്ക് കാരണമാകുന്നു.</li>
</ul>
</td>
<td>5</td>
</tr>
<tr>
<td>25</td>
<td>
<u>സൺ യാത് സെൻ</u>
<ul>
<li>1911 ൽ ഡോ.സൺ യാത് സെന്നിന്റെ നേതൃത്വത്തിൽ മഞ്ചു രാജഭരണത്തിനെതിരായി ചൈനയിൽ വിപ്ലവം നടന്നു.</li>
<li>ഇത് ചൈനയിൽ രാജവാഴ്ചയ്ക്ക് അന്ത്യം കുറിച്ചു.</li>
<li>തുടർന്ന് ദക്ഷിണ ചൈനയിൽ സൻയാത് സെന്നിന്റെ നേതൃത്വത്തിൽ കുമിന്താങ് പാർട്ടി ഒരു റിപ്പബ്ലിക്കൻ ഭരണം സ്ഥാപിച്ചു.</li>
<li>സൺ യാത് സെൻ ദേശീയത,ജനാധിപത്യം,സോഷ്യലിസം എന്നീ മൂന്ന് ആശയങ്ങൾക്ക് പ്രാധാന്യം നൽകി.</li>
</ul>
<u>മാവോ സെ തുംഗ്</u>
<ul>
<li>ചൈനീസ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നേതാവ്</li>
<li>1934 ൽ ലോങ് മാർച്ച് സംഘടിപ്പിച്ചു.</li>
<li>ധാരാളം കൃഷി ഭൂമിയും അനേകം ഗ്രാമങ്ങളും പ്രഭുക്കന്മാരിൽ നിന്ന് പിടിച്ചെടുത്ത് കർഷകർക്ക് നൽകി.</li>
<li>മാവോയുടെ നേതൃത്വത്തിലുള്ള ചുവപ്പുസേന ചിയാങ് കൈഷക്കിനെ പരാജയപ്പെടുത്തി കുമിന്താങ് ഭരണത്തിന്റെ കേന്ദ്രം കൈക്കലാക്കി.</li>
<li>1949 ഒക്ടോബർ 1 ന് ചൈന മാവോ സെ തുംഗിന്റെ നേതൃത്വത്തിൽ ജനകീയ റിപ്പബ്ലിക്കായി.</li>
</ul>
</td>
<td></td>
</tr>
</table>

| | | |
|---|---|---|
| | **OR**<br>**ഒന്നാം ലോക യുദ്ധത്തിന്റെ കാരണങ്ങൾ:**<br>➢ സൈനിക സഖ്യങ്ങളുടെ രൂപീകരണം<br>➢ തീവ്രദേശീയത<br>➢ സാമ്രാജ്യത്വരാഷ്ട്രങ്ങളുടെ പ്രതിസന്ധികൾ<br>➢ ആസ്ട്രിയൻ കിരീടാവകാശിയുടെ വധം<br>**സൈനിക സഖ്യങ്ങളുടെ രൂപീകരണം**<br>• ജർമ്മനി ,ആസ്ട്രിയ -ഹംഗറി ,ഇറ്റലി എന്നി രാജ്യങ്ങൾ ചേർന്ന് **ത്രികക്ഷിസഖ്യം** രൂപികരിച്ചു<br>• ഇംഗ്ലണ്ട് ,ഫ്രാൻസ് ,റഷ്യ എന്നി രാജ്യങ്ങൾ ചേർന്ന് **ത്രികക്ഷിസൗഹാർദ്ദം** രൂപികരിച്ചു<br>• ഇത്തരം സഖ്യങ്ങളുടെ രൂപീകരണം യൂറോപ്പിൽ ഒരു യുദ്ധാന്തരീക്ഷം സൃഷ്ടിച്ചു<br>• അവർ വിനാശകാരികളായ പുതിയ ആയുധങ്ങൾ നിർമ്മിക്കുകയും വാങ്ങിക്കൂട്ടുകയും ചെയ്തു<br>**തീവ്രദേശീയത**<br>◆ മറ്റ് രാജ്യങ്ങളെയും അവരുടെ കൈവശമുള്ള പ്രദേശങ്ങളെയും കിഴടക്കുന്നതിനുള്ള മാർഗമെന്ന നിലയിൽ യൂറോപ്യൻ രാജ്യങ്ങൾ ദേശീയതയെ ഉപയോഗിച്ചു .ഇതാണ് തീവ്രദേശീയത<br>◆ തീവ്രദേശീയതയുടെ വളർച്ച യൂറോപ്പിൽ ചില പ്രസ്ഥാനങ്ങളുടെ രൂപീകരണത്തിന് കാരണമായി - പാൻ സ്ലാവ് പ്രസ്ഥാനം ,പാൻ ജർമ്മൻ പ്രസ്ഥാനം,പ്രതികാര പ്രസ്ഥാനം<br>**സാമ്രാജ്യത്വരാഷ്ട്രങ്ങളുടെ പ്രതിസന്ധികൾ**<br>**മൊറോക്കൻ പ്രതിസന്ധി**<br>• 1904 ൽ ബ്രിട്ടനും ഫ്രാൻസും തമ്മിലൊപ്പിട്ട രഹസ്യസന്ധിയനുസരിച്ച് മൊറോക്കോയിൽ ഫ്രാൻസിന്റെ ആധിപത്യം ബ്രിട്ടൻ അംഗീകരിച്ചു<br>• എന്നാൽ മൊറോക്കോ കൈവശപ്പെടുത്താനാഗ്രഹിച്ച ജർമനി ഇതംഗീകരിച്ചില്ല<br>• ഫ്രഞ്ച് കോംഗോയുടെ ചില ഭാഗങ്ങൾ ജർമ്മനിക്ക് നൽകി ഫ്രാൻസ് ഈ പ്രശ്നം പരിഹരിച്ചു<br>**ബാൾക്കൻ പ്രതിസന്ധി**<br>• ബാൽക്കൻ മേഖല ഓട്ടോമൻ തുർക്കിയുടെ സാമ്രാജ്യത്തിന്റെ ഭാഗമായിരുന്നു<br>• 1921 ൽ ബാൽക്കൻ സഖ്യം തുർക്കിയെ പരാജയപ്പെടുത്തി<br>• എന്നാൽ യുദ്ധത്തിന്റെ നേട്ടങ്ങൾ പങ്കിട്ടെടുക്കുന്നതിൽ ബാൽക്കൻ സഖ്യത്തിലെ രാഷ്ട്രങ്ങൾ തമ്മിൽ അഭിപ്രായവ്യത്യാസം ഉണ്ടായി<br>• ഇത് ബാൽക്കൻ രാഷ്ട്രങ്ങൾ തമ്മിലുള്ള യുദ്ധങ്ങൾക്ക് കാരണമായി<br>ആസ്ട്രിയൻ കിരീടാവകാശിയുടെ വധം<br>✔ 1914 ജൂണിൽ ആസ്ട്രിയൻ കിരീടാവകാശിയായ ഫ്രാൻസിസ് ഫെർഡിനന്റിനെ ബോസ്നിയൻ തലസ്ഥാനമായ സാരയാവോയിൽ വച്ച് സെർബിയൻ യുവാവ് വെടി വെച്ചു കൊന്നു<br>✔ സെർബിയയാണ് ഇതിനുത്തരവാദിയെന്ന് പ്രഖ്യാപിച്ച് ആസ്ട്രിയ സെർബിയക്കുമേൽ 1914 ജൂൺ 28 ന് യുദ്ധം പ്രഖ്യാപിച്ചു | **6** |


***COLIN JOSE.E*** ***BIJU.M***

***DR.AMMR GOVT HSS KATTELA.*** ***GHSS PARAPPA***

***THIRUVANATHAPURAM*** ***KASARGOD***